# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 929 — 12.12.2012ൽ മറുപടിയ്ക്ക്

## വേമ്പനാട്ട് കായലിന്റെ മലിനീകരണവും മത്സ്യങ്ങളുടെ വംശനാശവും

ചോദ്യം : ശ്രീ. ടി. എം. തോമസ് ഐസക്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) രാജ്യത്തെ ഏറ്റവും വലിയ വിനോദ സഞ്ചാര മേഖലകളിൽ ഒന്നായ വേമ്പനാട്ട് കായലിന്റെ മലിനീകരണത്തിനും മത്സ്യങ്ങളുടെ വംശനാശത്തിനും പമ്പ വഴിയൊരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മദ്ധ്യതിരുവിതാംകൂറിലെയും, കുട്ടനാട്ടിലെയും ജനങ്ങൾക്ക് സാംക്രമിക രോഗങ്ങൾ വിട്ടുമാറാത്തതും, രോഗങ്ങൾ നാൾക്കുനാൾ വർദ്ധിച്ച് വരുന്നതും പമ്പയുടേയും വേമ്പനാട്ട് കായലിലെയും മലിനീകരണമാണെന്നത് പരിശോധിച്ചിട്ടുണ്ടോ ;<br>(സി) പ്രസ്തുത വിഷയത്തിന് അടിയന്തര പ്രാധാന്യത്തോടെ പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) & (സി)<br>14.11.2012-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന കുട്ടനാട് പ്രോസ്പെരിറ്റി കൗൺസിൽ യോഗത്തിൽ ഇത് സംബന്ധിച്ച വിശദമായ പഠനം നടത്തി പദ്ധതി തയ്യാറാക്കി കേന്ദ്രപരിസ്ഥിതി വകുപ്പിൽ നൽകുവാൻ തീരുമാനിച്ചു. ജില്ലാകളക്റ്ററുടെ നേതൃത്വത്തിലുള്ള ഈ പഠനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് CESS, പരിസ്ഥിതി വകുപ്പ്, ജനപ്രതിനിധികൾ ജില്ലാപഞ്ചായത്ത് അധികാരികൾ എന്നിവർ പങ്കാളികളാണ്. |

സെക്ഷൻ ഓഫീസർ